**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 823** **30.06.2011 - ൽ മറുപടിക്ക്**

# സുനാമി മേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ,
ശ്രീ. റ്റി.എൻ. പ്രതാപൻ,
ശ്രീ. വി.പി. സജീന്ദ്രൻ.

....

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

....

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സുനാമി മേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെന്റ്, എ.ഡി.ബി, സന്നദ്ധ സംഘടനകൾ എന്നിവ വഴി എന്ത് തുകയാണ് ലഭിച്ചിട്ടുള്ളത് ; | (എ) | സുനാമി പുനരധിവാസ പദ്ധതിയ്ക്കായി കേന്ദ്രസർക്കാരിൽ നിന്നും 1148 കോടി രൂപയും, ഏഷ്യൻ വികസന ബാങ്കിൽ നിന്നും സുനാമി അടിയന്തിര സഹായ പദ്ധതിയ്ക്കായി 252.38 കോടി രൂപയും, ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതിയ്ക്കായി 5.29 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയ്ക്കായി സന്നദ്ധ സംഘടനകളിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | കേന്ദ്രവും, എ.ഡി.ബി.യും തന്ന തുകകൾ ഏത് തീയതിക്കുള്ളിൽ ചെലവഴിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത് ; | (ബി) | എ.ഡി.ബി. ധനസഹായത്തോടെയുള്ള സുനാമി അടിയന്തിര സഹായ പദ്ധതിയുടെ കാലാവധി 2009 ഒക്ടോബർ 31-ഉം, ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ കാലാവധി 2010 ഒക്ടോബർ 6-ഉം ആയിരുന്നു. കേന്ദ്രസർക്കാർ അനുവദിച്ച തുക 31.12.2011-ന് മുമ്പാണ് ചെലവഴിക്കേണ്ടത്. |
| (സി) | അതുപ്രകാരം തുക ചെലവഴിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈയിനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ? | (സി) | സുനാമി അടിയന്തിര സഹായ പദ്ധതി, ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതി എന്നിവയ്ക്കായി അനുവദിച്ച തുക പദ്ധതി കാലയളവിനുള്ളിൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ 66 കോടി രൂപ ബാക്കിയുണ്ട് ഇത് ശേഷിക്കുന്ന പദ്ധതി കാലയളവിനുള്ളിൽ തന്നെ ചെലവഴിക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ.**